**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനഭാഗ്യക്കുറി സംബന്ധിച്ച പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയശേഷം ഇതരസംസ്ഥാന ലോട്ടറി കച്ചവടം തടയുവാനും സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുമായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കുമോ; | (എ) | ഇതര സംസ്ഥാന ഭാഗ്യക്കുറിയുടെ നടത്തിപ്പ് സംസ്ഥാനത്തിനുള്ളിൽ ഫലപ്രദമായി നിയന്ത്രിയ്ക്കുന്നതിനായി സംസ്ഥാന ഭാഗ്യക്കുറി ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി വിതരണക്കാർ നിർബന്ധമായും പാലിക്കേണ്ട വ്യവസ്ഥകൾ ഉൾകൊള്ളിച്ചുകൊണ്ട് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപ്പന നടത്തുന്ന ഏജന്റുമാരോ ടി ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാരോ, ചില്ലറവില്പനക്കാരോ, നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ ഏജന്റുമാർക്കെതിരെ സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനം കാലാനുസൃതമായി നവീകരിക്കുന്നതിനായി ഒട്ടനവധി പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിൽ വരുത്തിയിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളിൽ മെച്ചപ്പെട്ട സെക്യൂരിറ്റി ഫീച്ചറുകൾ കൊണ്ടുവരികയും പൊതുജനങ്ങൾക്ക് ടിക്കറ്റിന്റെ ഒറിജിനാലിറ്റി പരിശോധിക്ക ന്നതിന് മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുകയും ഭാഗ്യക്കുറി വകുപ്പിൽ NIC മുഖാന്തിരം പുതിയ സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏജന്റുമാർക്ക് ഓൺലൈൻ പോർട്ടൽ മുഖേന പണമടച്ച് ടിക്കറ്റ് വാങ്ങുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഭാഗ്യക്കുറി വകുപ്പിലെ പ്രവർത്തനങ്ങൾ സാങ്കേതികമായി ലളിതവത്ക്കരിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോൾ സംസ്ഥാന ഭാഗ്യക്കുറികളുടെ സമ്മാന വിഹിതം എത്രയെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ എത്തിയപ്പോൾ സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനവിഹിതം ശരാശരി 42% ആയിരുന്നു. ഇപ്പോൾ പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനം ശരാശരി 60% ആണ്. |
| (സി) | സമ്മാനങ്ങളുടെ എണ്ണം കൂട്ടി ഇതരസംസ്ഥാന ലോട്ടറിയുടെ കടന്നുകയറ്റം ഒഴിവാക്കാനും കൂടുതൽ സമ്മാനങ്ങൾ ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ അറിയിക്കാമോ; | (സി) | സമ്മാനങ്ങളുടെ എണ്ണം കൂട്ടി ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നുകയറ്റം ഒഴിവാക്കാൻ നടപടികൾ എടുത്തിട്ടില്ല. നിലവിൽ ഭാഗ്യക്കുറി സമ്മാനഘടനകൾ പ്രകാരം 60 ശതമാനത്തോളം തുക സമ്മാനവിതരണത്തിന് വിനിയോഗിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ലോട്ടറി മേഖലയിൽ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ എത്ര പ്രവർത്തകരുണ്ടെന്നും വികലാംഗരും രോഗബാധിതരുമുൾപ്പെടെ ലോട്ടറി വില്പനക്കാർ എത്രയെന്നും അറിയിക്കാമോ; | (ഡി) | 22.06.2022 ലെ കണക്ക് പ്രകാരം ലോട്ടറി മേഖലയിൽ 95,896 ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഏജൻസികളിലെ പ്രവർത്തകരുടേയും ഭിന്നശേഷിക്കാരുടേയും രോഗബാധിതരുടേയും എണ്ണം പ്രത്യേകമായി തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഇ) | ഇവർക്ക് കൂടുതൽ സഹായസൗകര്യങ്ങൾ നൽകി ലോട്ടറി വ്യവസായത്തിന്റെ പുരോഗതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഇ) | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗബാധിതരായ അംഗങ്ങളെ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാധനസഹായം വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ ക്ഷേമനിധിയിലെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ അംഗപരിമിതരായ അംഗങ്ങൾക്ക് കാലാകാലങ്ങളിൽ ട്രൈസ്കൂട്ടർ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ